**പതിമൂന്നാം കേരള നിയമസഭ**
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2573 — 9.7.2015 -ൽ മറുപടിക്ക്

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | | അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; | (എ) യും | ഉണ്ട് |
| (ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷ ലഭിച്ചിരുന്നോ; | (ബി) യും | |
| (സി) ഈ സർക്കാരധികാരമേറ്റശേഷം പ്രസ്തുത ആവശ്യം പരിഗണിക്കാതിരുന്നത് എന്ത് കൊണ്ടാണ്; വ്യക്തമാക്കുമോ? | (സി) | 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപനം നടത്തിയതിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ, ചാത്തന്നൂർ കേന്ദ്രമാക്കി പുതിയ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| (ഡി) ഈ സർക്കാർ പുതുതായി താലൂക്കുകൾ അനുവദിച്ചത് ഏതെങ്കിലും പഠനത്തിന്റെയോ പരിശോധനയുടെയോ അടിസ്ഥാനത്തിലാണോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ; | (ഡി) | ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ 2013-14 ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് പുതുതായി താലൂക്കുകൾ രൂപീകരിച്ചിട്ടുള്ളത്. നിയമസഭാ മണ്ഡലങ്ങൾ പുന: സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണ പരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ, അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും, അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കൂടി പരിഗണിച്ചാണ്, പുതുതായി താലൂക്കുകൾ ആരംഭിക്കുന്നത്. |
| (ഇ) | ചാത്തന്നൂർ താലൂക്ക് രൂപീകരണം എന്ന ന്യായമായ ആവശ്യം സാദ്ധ്യമാക്കുവാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേക്ക് താലൂക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഇ) | സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ